# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഓരോ കുട്ടിയും മികവിലേക്ക്.

## ഗവ. എം. ജി. എൽ. പി. എസ്
## കൊടുവിള.

| | |
|---|---|
| അധ്യാപകരുടെ എണ്ണം | 4 |
| ആകെ കുട്ടികളുടെ എണ്ണം | 34 |
| പ്രത്യേക പരിഗണന ആവശ്യമുള്ളവർ | 5 |
| ഗോത്രവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവർ | 0 |

Scanned with OKEN Scanner

* അക്കാദമിക പ്രവർത്തന ലക്ഷ്യങ്ങൾ

1 പരിചയപ്പെട്ട അക്ഷരങ്ങൾ ഉപയോഗിച്ച് തെറ്റില്ലാതെ വിവരണം, സംഭാഷണം, കഥാരചന, കവിതാ രചന, എന്നിവ എഴുതാൻ കഴിവ് നേടുക (മലയാളം, ഇംഗ്ലീഷ്)

2 ലഘു കഥകളും, കവിതകളും വായിക്കാനും എഴുതാനും, ആസ്വദിക്കാനും നൈപുണി നേടുക.

ഡയറി എഴുതാനും, ആത്മകഥകൾ എഴുതാനും നൈപുണി നേടുക

ആകർഷകവും സമഗ്രവുമായ നോട്ട്ബുക്ക് സൂക്ഷിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക

സംഖ്യാ ബന്ധങ്ങൾ, സംഖ്യാ വ്യാഖ്യാനം, പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുക.

പരിസര പഠനവുമായി ബന്ധമുള്ള ലഘുനിർമ്മാണ പ്രോജക്ടുകൾ, പരീക്ഷണ നിരീക്ഷണങ്ങളിലൂടെ നിഗമനങ്ങളിൽ എത്തിച്ചേരുന്നതിന്

മഹത് വ്യക്തികളെയും സ്വാതന്ത്ര്യസമര സേനാനികളെയും പരിചയപ്പെടുന്നതിനും അവ്വഴി കേരള ചരിത്രവും സ്വാതന്ത്ര്യ സമര ചരിത്രവും പരിചയപ്പെടുന്നതിന്.

Scanned with OKEN Scanner

ഓരോ ക്ലാസ്സിലും കുട്ടി പാഠ്യപദ്ധതി ലക്ഷ്യമിട്ട നിലവാരത്തിലുള്ള ധാരണകളും ശേഷികളും നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക. ഒപ്പം മതനിരപേക്ഷ ജനാധിപത്യ സംസ്കാരം അടക്കമുള്ള സാമൂഹിക മൂല്യങ്ങൾ വികസിക്കാനാവശ്യമായ അനുഭവങ്ങൾ ഒരുക്കുക.

കുട്ടികളുടെ അറിവും കഴിവും ധാരണകളും എത്രമാത്രം പ്രായാനുസൃതമായി വികസിക്കണം എന്നത് പാഠ്യപദ്ധതിയിൽ തിട്ടപ്പെടുത്തിയിട്ടുണ്ട് അവ സമയബന്ധിതമായ പ്രവർത്തനങ്ങളിലൂടെ നേടുന്നു എന്നുറപ്പുവരുത്തുക.

എല്ലാ കുട്ടികൾക്കും പഠനത്തിനും വികാസത്തിനും തുല്യ അവസരങ്ങൾ ഒരുക്കുക.

കുട്ടികളുടെ പഠന നില അതത് അവസരങ്ങളിൽ മനസ്സിലാക്കി ആവശ്യമായ പഠനപിന്തുണ യഥാസമയം നൽകുക.

ദിനാചരണങ്ങൾ യാന്ത്രികമാകാതെ അർത്ഥപൂർണമാക്കാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക.

പാരിസ്ഥിതികാവബോധം, സാമൂഹികാവബോധം, മാലിന്യനിർമാർജ്ജന അവബോധം, ശാസ്ത്രാവബോധം, വിമർശനാവബോധം എന്നിവ വികസിപ്പിക്കാൻ ആവശ്യമായ അനുഭവങ്ങൾ പ്രദാനം ചെയ്യുക.

। പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾ ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് ഉൾപ്പെടെ പ്രയോജന

Scanned with OKEN Scanner

പ്പെടുത്താവുന്ന ആധുനിക ശാസ്ത്ര - സാങ്കേതിക വിദ്യാസാധ്യതകൾ പഠന പ്രവർത്തനത്തിനായി വിനിയോഗിക്കുക .

## ആമുഖം

വിദ്യാഭ്യാസത്തിന്റെ സമഗ്ര വികാസം ലക്ഷ്യമിട്ട് ആവിഷ്കരിച്ച ഗുണമേന്മയുള്ള വിദ്യാഭ്യാസ പദ്ധതി, ഓരോ വിദ്യാർത്ഥിയേയും മികവിന്റെ ഉന്നതിയിലേക്ക് നയിക്കുക എന്ന മഹത്തായ ലക്ഷ്യം ഏറ്റെടുക്കുന്നു. കുട്ടികളുടേയും അധ്യാപകരുടേയും സജീവ പങ്കാളിത്തത്തിലൂടെ ഓരോ ക്ലാസ്മുറിയേയും പഠനത്തിന്റെ മികവുറ്റ കേന്ദ്രങ്ങളാക്കി മാറ്റുവാനാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. അധ്യാപന - അധ്യയന പ്രക്രിയയുടെ നിരന്തരമായ നിരീക്ഷണവും പ്രധാനാധ്യാപകരുടെ സമയബന്ധിതമായ അക്കാദമിക ഇടപെടലുകളും കുട്ടികളുടെ പഠനത്തിൽ സുപ്രധാനമായ മാറ്റങ്ങൾക്ക് വഴിയൊരുക്കും. അധ്യാപകർക്ക് ആവശ്യമായ പിന്തുണ നൽകാനും സഹകരണത്തിലൂടെ പുരോഗമനപരമായ ഒരു പരിശീലന സംസ്കാരം വളർത്താനും പ്രായോഗികമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു. ഓരോ കുട്ടിയുടേയും പഠനക്ഷമതയെ പരിപോഷിപ്പിക്കുകയും അവരുടെ

അതുല്യമായ കഴിവുകളെ തിരിച്ചറിഞ്ഞ് വളർത്തുകയും, ആവശ്യമായ പിന്തുണ നൽകി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ മുന്നോട്ട് കൊണ്ടുവരികയും ചെയ്യുക എന്നതാണ് ഈ മാസ്റ്റർ പ്ലാനിന്റെ കാതൽ

## വിദ്യാലയത്തിൽ പ്രതീക്ഷിക്കുന്ന മാറ്റം

ഭാഷാശേഷി വികസനത്തിലൂന്നിയ അക്കാദമിക മാസ്റ്റർ പ്ലാൻ സമയബന്ധിതമായി നടപ്പാക്കുന്നതിലൂടെ മുഴുവൻ കുട്ടികളും സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് തെറ്റില്ലാതെ ലഘുവായ സാഹിത്യകൃതികൾ വായിക്കുന്നതിനും അനുഭവങ്ങളും ആശയങ്ങളും തെറ്റില്ലാതെ ഭാഷയിൽ എഴുതുന്നതിനും കഴിവ് നേടുന്നു - സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ചുള്ള സ്വതന്ത്ര സർഗ്ഗാത്മക രചനകൾ രൂപപ്പെടുന്നതിന് കുട്ടികൾക്ക് അവസരം ഒരുക്കും.

കുട്ടികൾ സ്വയം പ്രവർത്തനങ്ങളിൽ ഏർ
പ്പെട്ടുകൊണ്ട് അറിവ് നിർമ്മാണ പ്രക്രിയകളിലൂ
ടെ പഠനനേട്ടങ്ങൾ കൈവരിക്കുന്നു.

സംഖ്യാബന്ധങ്ങൾ സംഖ്യാ വ്യാഖ്യാനം ഉൾപ്പെടുന്ന
പ്രായോഗികപ്രശ്നങ്ങൾ പരിഹരിക്കുന്നു.

സ്കൂളിലെ പ്രവർത്തനങ്ങൾ രക്ഷിതാക്കളുടെ
സജീവ പങ്കാളിത്തം ഉറപ്പാക്കുന്നതിന്
ക്ലാസ് പി.ടി.എ.കൾ ശക്തിപ്പെടുത്തും.
സ്കൂളിന് പൊതു സമൂഹത്തിന്റെ അംഗീ
കാരം ലഭ്യമാക്കും. പ്രത്യേക പരിഗണന
അർഹിക്കുന്ന കുട്ടികൾക്കുള്ള അനുരൂപീകര
ണ പ്രവർത്തനങ്ങൾ പഠന പ്രവർത്തനങ്ങളിൽ
ആസൂത്രണം ചെയ്ത് നടപ്പാക്കൽ
ഇംഗ്ലീഷ് ഭാഷ സ്വയം നേടിയെടുക്കാൻ
കുട്ടികളെ പ്രാപ്തരാക്കുന്ന ലാംഗ്വേജ്
ആക്ടിവിറ്റി പ്രവർത്തനങ്ങൾ ഒരുക്കി
നൽകി സ്വതന്ത്രമായി ഭാഷ വായിക്കാനും
എഴുതാനും കുട്ടികളെ പ്രാപ്തരാക്കുന്നു.

Scanned with OKEN Scanner

മേഖല - അക്കാദമികം

ഉപമേഖല - ഭാഷ

ക്ലാസ് - 1

| ലക്ഷ്യം. | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ശേഷി വികസനം | *. ഭാഷാ കളരി കുട്ടികളിലും പാട്ടുകളും കഥകളുമായി കുട്ടി കൂട്ടങ്ങൾ സംഘടിപ്പിക്കൽ | സെപ്തംബർ ഒക്ടോബർ | ക്ലാസ് ടീച്ചർ SRG SMC സ്കൂൾവികസനസമിതി | SMC. |
| | *അമ്മ പറയട്ടെ. അമ്മമാർ കുട്ടിക്കഥകൾ അവതരിപ്പിക്കുന്നു. | ജൂലൈ ഡിസംബർ ജനുവരി മാസത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ SRG മദർ. PTA | മദർ P.TA |

Scanned with OKEN Scanner

മേഖല - അക്കാദമികം
ഉപമേഖല - ഇംഗ്ലീഷ്
ക്ലാസ് - 1

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിഭവം |
|---|---|---|---|---|
| ഇംഗ്ലീഷ് ധാരാളമായി കേൾക്കുവാനുള്ള അവസരം ഒരുക്കൽ | കാർട്ടൂൺ പ്രദർശനം, സിനിമാ പ്രദർശനം. | മാസത്തിൽ ഒന്ന്.<br>ആഴ്ചയിൽ ഒന്ന്. | SRG<br>Class Teacher. | SSA. |

Scanned with OKEN Scanner

മേഖല - ആരോഗ്യം

ഉപമേഖല - പരിസരപഠനം.

ക്ലാസ് - 1

| ലക്ഷ്യം. | പ്രവർത്തനം. | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
| --- | --- | --- | --- | --- |
| ആഹാര ശീലങ്ങളും ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ്. | ഭക്ഷ്യമേള പ്രദർശനം, നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചി അറിവും. | ജൂൺ ജൂലൈ ആഗസ്ത്. | ക്ലാസ് ടീച്ചർ SRG SMC. | SMC. |
| പ്രകൃതിയെ അറിയുന്നതിനും, ആസ്വദിക്കുന്നതിനും. | പൂമ്പാറ്റോദ്യാനം ഔഷധത്തോട്ടം ചുറ്റുവട്ടത്തെ. | ഡിസംബർ ജനുവരി. | SRG. SMC. | |

Scanned with OKEN Scanner

മേഖല - വിദ്യാഭ്യാസം.

ഉപമേഖല - ഗണിതം.

ക്ലാസ് - 1

| ലക്ഷ്യം. | പ്രവർത്തനം. | സമയം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കളികളിലൂടെ നിർമ്മാണ പ്രവർത്തനങ്ങളും ഇതിലൂടെ ഗണിത ശേഷികൾ | * ഗണിത മൂലയിൽ. | ജൂൺ - ജൂലൈ | | |
| | * കുട്ടികളുടെ നിലവാരം ഉയർത്തുന്നതിന് ക്ലാസ്. | എല്ലാ ആഴ്ച | ക്ലാസ് ടി. | S.S.A |
| | * ഗണിത ക്ലബ് ഗണിത പ്രവർത്തനങ്ങൾ കളിയിലൂടെ. | മാസത്തിൽ ഒന്ന് വീതം | SRG ക്ലാസ് ടി. | |

Scanned with OKEN Scanner

മേഖല - അക്കാദമികം STD.II

ഉപമേഖല - ഇംഗ്ലീഷ്

ക്ലാസ് - II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കുവാനുള്ള അവസരമൊരുക്കൽ | Let's talk<br>പ്രതിഭാധനരുമായി സംവദിക്കൽ<br><br>English ബെൽസ്<br>ഇംഗ്ലീഷ് അസംബ്ലി.<br>one day English | മൂന്ന് മാസത്തിൽ ഒന്ന്<br><br>മാസത്തിൽ ഒന്ന്<br>ആഴ്ചയിൽ ഒന്ന് | SRG<br>Class Teacher<br>SMC | -<br>SSA |

മേഖല - അക്കാദമികം

ഉപമേഖല - മലയാളം

ക്ലാസ് - II

| | | | | |
|---|---|---|---|---|
| ഉചിതമായ വ്യവഹാരരൂപങ്ങളിലുള്ള ലേഖനമികവ് | ലഘുവാചകങ്ങളിലേക്ക് നയിക്കുന്ന രചനാ ക്യാമ്പുകൾ<br>ലഘുപതിപ്പുകൾ തയ്യാറാക്കൽ | മൂന്ന് മാസത്തിൽ ഒന്ന് | SRG<br>SMC<br>മദർ പി.ടി.എ | മദർ പി.ടി.എ |

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനം | കാലം | പങ്കാളികൾ | സാമ്പത്തിക, വിഭവസ്രോതസ്സുകൾ |
|---|---|---|---|---|
| സർഗ്ഗാത്മകത തൊട്ടുണർത്താം | രചനാശില്പശാല, കഥ, കവിത, രചനകൾക്കുള്ള വേദിയൊരുക്കൽ | ഡിസംബർ<br>ജനുവരി | SMC<br>അധ്യാപകർ<br>ക്ലബ്ബുകൾ<br>പ്രമുഖവ്യക്തികൾ | SRG<br>SMC |
| | ഇവയുടെ സ്വതന്ത്രമായ അവതരണം | ഫെബ്രുവരി.<br>മാർച്ച് | [illegible] | TFS. |

മേഖല - അക്കാദമികം

ഉപമേഖല - പരിസരപഠനം

ക്ലാസ് - II

| | | | | |
|---|---|---|---|---|
| ശുചിത്വബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന് | ശുചിത്വ ഗാനങ്ങൾ<br>പോസ്റ്റർ രചനാമത്സരം<br>അവതരണങ്ങൾ | ജൂൺ<br>ജൂലൈ | ക്ലാസ്ടീച്ചർ<br>SRG<br>SMC | SMC |
| പച്ചക്കറിയെ അറിയാൻ | പച്ചക്കറിത്തോട്ടം<br>കൃഷിഭവനിലേക്ക്<br>കാണാക്കാഴ്ചകൾ | സെപ്റ്റംബർ<br>ഡിസംബർ | ടീച്ചേഴ്സ്, SRG<br>SMC | SMC |
| നാടറിയാൻ നാട്ടറിവുകൾ | കർഷകരുമായി അഭിമുഖം<br>കൃഷിയിടത്തിലേക്ക് | ജനുവരി | SRG, SMC<br>നാട്ടുകാർ | |

Scanned with OKEN Scanner

മേഖല - അക്കാദമികം 9

ഉപമേഖല - ഗണിതം

ക്ലാസ് - II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിഭവങ്ങൾ |
|---|---|---|---|---|
| ഗണിതചിന്താ ശേഷി വളർത്തൽ | ഒരു ദിനം ഒരു ചോദ്യം, കുസൃതി കണക്കുകളും, ഗണിതപസിലുകളും പരിചയപ്പെടൽ | ഒക്ടോബർ മുതൽ | SRG കൺവീനർ | SSA |
| | ഗണിത ക്ലബ് ഗണിതകളികളിലൂടെ | ഗണിതമേള / ഗണിതകളികളിലൂടെ ഡിസംബർ മാസം | കൺവീനർ ക്ലബ് | |

Scanned with OKEN Scanner

# അക്കാദമിക് മാസ്റ്റർപ്ലാൻ

## ജി എം ജി എൽ പി എസ് കൊട്ടുവിള

## മലയാളം ക്ലാസ് 3

ലക്ഷ്യങ്ങൾ:-

പാഠ്യപദ്ധതി ലക്ഷ്യങ്ങളെ മുൻനിർത്തി എന്റെ കുട്ടികൾ എല്ലാവരും,

സംഘപ്രവർത്തനങ്ങളിലേർപ്പെട്ട് ജനാധിപത്യമൂല്യങ്ങൾ സ്വാംശീകരിക്കും, നിത്യ ജീവിത സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കും.

കവിതകളും പാട്ടുകളും ആശയ വ്യക്തതയോടെ താളാത്മകമായി ചൊല്ലി അവതരിപ്പിക്കും.

രചനകൾ ഭാവാത്മകമായി വായിക്കും.

ആസ്വദിച്ച ഭാഷാഘടകങ്ങൾ (കഥ, കവിത, നാടൻ പാട്ട്, കടങ്കഥ,

പഴഞ്ചൊല്ല്...മുതലായവ) എടുത്തെഴുതുകയും പുതിയ സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കുകയും ചെയ്യും.

ലഘുവായ സർഗാത്മക രചനകൾ നടത്തും. (കഥ, കവിത, ഡയറി, ചിത്രം)

. കഥകളെയും കവിതകളെയും മറ്റും നാടകം, പാവനാടകം, ചിത്രീകരണം, റീഡേഴ്സ് തിയേറ്റർ തുടങ്ങിയ രീതികളിൽ ആവിഷ്കരിക്കും.

ലളിതമായ ആശയങ്ങൾ വ്യക്തതയോടെ എഴുതി ആവിഷ്കരിക്കും (വിവരണം, സംഭാഷണം)

ഇതിനായി ഞാൻ നടത്തുന്ന മുന്നൊരുക്കങ്ങൾ:-

<u>ജൂൺ - ജൂലായ്</u>

1. കനകച്ചിലങ്ക

നാടൻ പാട്ടുകൾ ശേഖരണം (വായ്ത്താരികൾ ഉള്ളത്)

പഴഞ്ചൊല്ലുകൾ ശേഖരണം

കഥാപുസ്തകം ക്ലാസ് ലൈബ്രറി നവീകരണം (നാട്ടുകഥകൾ)

നാടൻ പാട്ടിലെയും കവിതയിലെയും താളം (കവിത ചൊല്ലൽ ശില്പശാല)

Scanned with OKEN Scanner

കഥോത്സവം (നാടൻ കഥകളുടെ അവതരണ ശില്പശാല)

കടങ്കഥകൾ ശേഖരണം - കടങ്കഥ പാട്ടുകൾ - കടങ്കഥ പതിപ്പ് - കടങ്കഥപ്പയറ്റ്

കലാരൂപങ്ങൾ വേഷവിധാനം - ചിത്ര ശേഖരണം - ആൽബം

പാവ നാടകത്തെ അടുത്തറിയാം - ശില്പശാല

<u>ആഗസ്റ്റ്, സെപ്റ്റംബർ</u>

2. പലഹാരപ്പൊതി

കുട്ടികൾ വരച്ച ചിത്രങ്ങളുള്ള പുസ്തകങ്ങൾ ലൈബ്രറിയിൽ ഒരുക്കിവയ്ക്കൽ

ക്ലാസ് ലൈബ്രറിയിൽ കുട്ടിക്കഥകൾ ഒരുക്കിവയ്ക്കൽ

നാടക ശില്പശാല

റോൾപ്ലേ അവതരണങ്ങൾ

ആഹാരവുമായി ബന്ധപ്പെട്ട പാട്ടുകൾ ശേഖരണം

പലഹാരമേള - പാചക കുറിപ്പ് തയ്യാറാക്കൽ

കത്തുകൾ മാതൃകകൾ

സ്കൂൾ പത്രം

സി പി ടി എ മികവുത്സവം

നാടോടിക്കഥകളുടെ അവതരണം നാടൻ പാട്ടുകളുടെ അവതരണം

ഒക്ടോബർ

3. മനുഷ്യന്റെ കൈകൾ

കൃഷിയിടം സന്ദർശനം

Scanned with OKEN Scanner

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## ജി എം ജി എൽ പി എസ് കൊട്ടവിള ക്ലാസ് 3

## ഗണിതം

ആസ്വദിച്ച് പഠിക്കാൻ കഴിഞ്ഞാൽ എളുപ്പത്തിൽ മനസിലാക്കാൻ കഴിയുന്ന വിഷയമാണ് ഗണിതം. പ്രവർത്തനങ്ങളെ കളികളായും സർഗാത്മക പ്രപവർത്തനങ്ങളായും കണ്ണി ചേർത്തു കൊണ്ടാണ് ഗണിതപഠനം എന്ന രീതിയിലാണ് മൂന്നാം ക്ലാസ്സിൽ അവതരിപ്പിക്കുന്നത്. കുട്ടികളുടെ താൽപര്യവും ജിജ്ഞാസയും വളർത്താൻ ഉതകുന്ന വിധം പ്രവർത്തനങ്ങൾ ക്രമപ്പെടുത്തിയിട്ടുണ്ട്. യുക്തി ചിന്ത, വിശകലനാത്മക ചിന്ത, പ്രശ്നപരിഹാരം എന്നീ ശേഷികൾ കുട്ടികളിൽ രൂപപ്പെടുന്നതിന് ജ്യാമിതി സഹായകരമാണ്. അമൂർത്തമായ ആശയങ്ങൾ കൈകാര്യം ചെയ്യുന്നതിന് ജ്യാമിതി പ്രയോജനപ്രദമാണ്. സ്ഥല പരവും ദിശാ പരവുമായ വിവരങ്ങൾ കൈകകാര്യം ചെയ്യുന്നതിലും ജ്യാമിതി വളരെ പ്രധാന പങ്കുവഹിക്കുന്നുണ്ട്.

ഒരക്കം മുതൽ മൂന്നക്കം വരെയുള്ള സംഖ്യകള കുട്ടികൾ ഇതിനോടകം തന്നെ പരിചയപ്പെട്ടിട്ടുണ്ട്. 2000 വരെയുള്ള സംഖ്യകൾ പറയുക, വായിക്കുക, എഴുതുക എന്നീ ശേഷികൾ നേടനും നിത്യജീവിതത്തിന്റെ ഭാഗമായി നാണയങ്ങളും നോട്ടുകളും കൈകാര്യം ചേയ്യേണ്ടി വരുന്ന പ്രായോഗിക സന്ദർഭങ്ങളിൽ അത് ഉപയോഗപ്പെടുത്താനും മൂന്നാം ക്ലാസിലെ ഗണിത പഠന ലക്ഷ്യം വെക്കുന്നു.

നിത്യജീവിത സന്ദർഭങ്ങളിലെ മൂന്നക്ക സംഖ്യകളുടെ സങ്കലന പ്രക്രിയ ഉൾക്കൊള്ളുന്ന പ്രായോഗിക പ്രശ്നങ്ങൾ വിശകലനം ചെയ്ത് നിർധാരണം ചെയ്യുന്നതിനുള്ള ശേഷി കൈവരിക്കുന്നതിന് മൂന്നാം ക്ലാസിൽ ലക്ഷ്യമിടുന്നു. രണ്ട് മൂന്നക്ക സംഖ്യകളുടെ സങ്കലന പ്രക്രിയ ചെയ്യുന്നതിനുള്ള വ്യത്യസ്ത വഴികൾ പരിചയപ്പെടാനും സന്ദർഭാനുസരണം സംഖ്യകളെ സ്ഥാന വിലയ്ക്ക് അനുസരിച്ച് പിരിച്ചെഴുതി സങ്കലനപ്രക്രിയ ഉപയോഗിച്ച് നിർധാരണം ചെയ്യാനും ലക്ഷ്യമിടുന്നു. മനഃഗണിതത്തിനു പ്രധാന്യം നൽകിയുള്ള പ്രവർത്തനങ്ങളുടെ സാധ്യതകളും ഉൾപ്പെത്തിയിട്ടുണ്ട്.

നീളം അളക്കുന്നതിനുള്ള ഏകകങ്ങളായ സെന്റീമീറ്റർ, മീറ്റർ എന്നിവ പരിചയപ്പെടുന്നതിന് അവസരം ഒരുക്കുന്നു. സ്കെയിൽ, ടേപ്പ് എന്നിവ ഉപയോഗിച്ച് നീളം കൃത്യമായി അളക്കാൻ ഉള്ള അവസരമാണ് കുട്ടികൾക്ക് ഒരുക്കുന്നത്. ഈ യൂണിറ്റുകൾ തമ്മിലുള്ള പരസ്പര ബന്ധം കണ്ടെത്താൻ പ്രായോഗിക പ്രശ്നങ്ങളുടെ നിർധാരണത്തിലൂടെ അവസരം ഒരുക്കിയിട്ടുണ്ട്. അളവുകൾ ഊഹിച്ച് പറയുന്നതിനും നീളം കൃത്യമായി അളക്കുന്നതിനും ധാരാളം അവസരങ്ങൾ ഉണ്ട്.

9 വരെ സംഖ്യകളുമായി ബന്ധപ്പെട്ട ഗുണന വസ്തുതകൾ സംബന്ധിച്ച ധാരണ കൈവരിക്കുന്നതിന് ലക്ഷ്യമിടുന്നു. പ്രായോഗിക പ്രശ്നങ്ങളും യൂണിറ്റിൽ അവതരിപ്പിക്കുന്നു. ഗുണന ചിന്തയോടൊപ്പം ഗണന ചിന്ത വളർത്തുന്ന പ്രവർത്തനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

Scanned with OKEN Scanner

**<u>ജൂൺ-ജൂലൈ</u>**

ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയൽ

ചതുരം, വട്ടം, ത്രികോണം എന്നീ രൂപങ്ങൾ തിരിച്ചറിഞ്ഞ് രേഖപ്പെടുത്താൻ

- തോരണം നിർമ്മാണം, തോണി നിർമ്മാണം (A4 പേപ്പർ)
- വെജിറ്റബിൾ പ്രിന്റിംഗ്
- ചതുരം, വട്ടം, ത്രികോണം എന്നീ രൂപങ്ങൾ ചേർത്ത് വെച്ച് ഇഷ്ടമുള്ള ചിത്രങ്ങൾ കുട്ടികൾ നിർമ്മിക്കുന്നു.

**<u>ജൂലൈ-ആഗസ്റ്റ്</u>**

ഓരോ കുട്ടിക്കും കണക്കുപെട്ടി, ഗണിത ശില്പശാല

1 മുതൽ 100 വരെ എഴുതിയ ടോക്കൺ

- കളി നോട്ടുകൾ
  ഓരോ നോട്ടുകളും 10 വീതം
- കമ്പ് കെട്ടുകൾ
- സംഖ്യാ സ്ലിപ്പുകൾ

അബാക്കസ് നിർമ്മാണം

**<u>ആഗസ്റ്റ്-സെപ്റ്റംബർ</u>**

പ്രായോഗിക പ്രശ്നങ്ങളുടെ നിർദ്ധാരണം

എല്ലാ കുട്ടികൾക്കും സംഖ്യാബോധം

ഉണ്ടാക്കുക

- സംഖ്യ പാറ്റേണുകൾ

**<u>ഒക്ടോബർ</u>**

സങ്കലന - വ്യവകലന ക്രിയകൾക്ക് കുട്ടികളെ പ്രാപ്തരാക്കുക.

- മനക്കണക്കുകൾ
- നിത്യ ജീവിതമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ

മസ്സയിൽ നിർമ്മാണം.

കുട്ടികളുടെ ഉയരം, വണ്ണം, തൂക്കം

Scanned with OKEN Scanner

<u>നവംബർ- ഡിസംബർ</u>

ഗുണന വസ്തുതകൾ നേടൽ

ഗുണന വസ്തുത കാർഡ് നിർമ്മാണം.

- മനക്കണക്കുകൾ

<u>ജനുവരി-ഫെബ്രുവരി</u>

ഹരണക്രിയയുമായി ബന്ധപ്പെട്ട ശേഷികൾ നേടൽ

- നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ
- ഐസിടി ഉപയോഗപ്പെടുത്തൽ.

Scanned with OKEN Scanner

# ENGLISH MASTER PLAN

## GMGLPS KODUVILA, Class :3

English - Master plan

AIM-

To speak, Read & write English without any mistakes

Time:- June to march.

To check the vocabulary and writing skills of pupils.

Activities

June and July

Pre test

- Hello English Activities
- conversations
- skit stories
- use ICT

Speaking skills:-

Identify the naming words from the picture

- Identify the action words from the picture.

Make the simple sentences using the word about picture

Make simple description about the picture

Scanned with OKEN Scanner

-Growing sentences, . picture reading, self introductions

## August and september

- Develop the creative speaking and writing

## Reading skills

Books reading

Find words

Collect and read past tense

Rhyming words

TB Activities

## Writing Skills

make word web
picture description

Word chain

Make words & Sentencess

Make riddles, conversations

Add more lines.

## October and November

To express thoughts, feelings etc....

## Reading skills

Scanned with OKEN Scanner

-Library book reading

- Conversations, skit, Stories, use ICT

Read notice

Develop story

Writing Skills

- Description

- Thoughts

• December and January.

Develop the creative speaking and writing.

Reading skills

- Library books reading

- Conversations ,skit Stories use ICT

- Develop story

- Reads dairy

Writing Skills

Dairy
Announcement

• February and March

To improve the presentation power.

Reading Skills

Scanned with OKEN Scanner

പ്രകൃതിയെയും, സസ്യജാലങ്ങൾ, ജീവജാലങ്ങൾ എന്നിവയെയും അറിയുകയും അവയുടെ പ്രാധാന്യം മനസ്സിലാക്കുകയും ചെയ്യുക.

ജൂൺ.

സസ്യനിരീക്ഷണം പ്രകൃതിനടത്തം
വിത്ത് മുളപ്പിക്കൽ വ്യത്യസ്തതരം സസ്യങ്ങൾ പൂക്കൾ എന്നിവയെ തിരിച്ചറിയുന്നതിനുള്ള പ്രവർത്തനങ്ങൾ. ലോക പരിസ്ഥിതി ദിനാചരണം

ജൂലൈ.

വ്യത്യസ്തതരം ജീവജാലങ്ങളെ നിരീക്ഷിക്കുക. ചിത്രശലഭം, മണ്ണ് നിരീക്ഷണം, ജൈവവൈവിധ്യ നിർമ്മാണം ശലഭപാർക്ക് തുടങ്ങിയവ

വർഷം മുഴുവൻ ഹെൽത്ത് ക്ലബ് പ്രവർത്തനങ്ങൾ.

ആഗസ്റ്റ്:

മഴമാപിനി നിർമ്മാണം. ജലസംരക്ഷണ പോസ്റ്റർ. മണ്ണ് കൊണ്ടുള്ള രൂപങ്ങൾ നിർമ്മിക്കൽ

Scanned with OKEN Scanner

സെപ്റ്റംബർ: ശുചിത്വ പോസ്റ്റർ നിർ-
മാണം. സ്കൂൾ ശുചിത്വ ക്ലബ് പ്രവർത്തനങ്ങൾ
ആരോഗ്യ ബോധവൽക്കരണ സെമിനാർ.
ആരോഗ്യ പ്രവർത്തകരുമായുള്ള അഭിമുഖം.

ഒക്ടോബർ:
പഴം/ പച്ചക്കറികട സന്ദർശനം
ഫുഡ് ഫെസ്റ്റിവൽ ആരോഗ്യ കാർഡ് നിർ-
മാണം, പച്ചക്കറിത്തോട്ട നിർമ്മാണം ഒരുക്കുന്നു.
ശീലം ബോധവൽക്കരണം - പോസ്റ്റർ നിർമ്മാണം

നവംബർ:
ആരോഗ്യ വിദഗ്ദ്ധരുടെ ക്ലാസ്,
റോഡ് നിയമങ്ങൾ - റോൾ പ്ലേ, ഫസ്റ്റ്
First aid കിറ്റ് തയ്യാറാക്കൽ. സ്വയം സുരക്ഷ
ബോധവൽക്കരണം.

ഡിസംബർ: ഗ്ലോബ് നിരീക്ഷണം, നിർമ്മാണം
ദേശീയ പതാക വരയ്ക്കൽ. ദേശീയ ചിഹ്-
നങ്ങൾ തിരിച്ചറിയൽ ഭൂപട വായന.
എന്റെ കേരളം - കുറിപ്പ്, ചിത്രരചന
ചോദ്യോത്തര പയറ്റ്. ഭൂപ്രകൃതി നിരീ-
ക്ഷണം

Scanned with OKEN Scanner

ജനുവരി.

ഫെബ്രുവരി : ജീവികളുടെ ആവാസവ്യവസ്ഥ
കൾ, ചിത്രശേഖരണം, വർഗ്ഗീകര
ണം വീഡിയോകൾ. നിരീക്ഷണം, ഫീൽഡ് [illegible]
ക്ഷിടം, സന്ദർശനം. വർക്ക്ഷീറ്റ് നടത്തി [illegible]
സർവ്വേ. ഇന്റർവ്യൂ, ചിത്രപ്രദർശനം
പഠനം

മാർച്ച്:
പഠനോത്സവം

## മലയാളം '19 Class: IV

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പഠനപരമായി പിന്നോക്കമായവരെ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം സംഘടിപ്പിക്കൽ. ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതുവരെ | SRG ക്ലാസ് ടീച്ചർ | PTA ഫണ്ട്. |
| | വായിക്കാം വളരാം | | | |
| വായനാശേഷി വളർത്തൽ | ക്ലാസ് വായനാമൂല, ക്ലാസ് ലൈബ്രറി ഒരുക്കൽ - പുസ്തക പരിചയം, വായനാ കുറിപ്പ്, ആസ്വാദന കുറിപ്പ്, പുസ്തക സംവാദം, ആനുകാലിക വായന | വർഷം മുഴുവൻ | HM, SRG, Class Tr | PTA |
| | എഴുതാം തെളിയാം | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | (അധ്യയന വർഷം മുഴുവൻ) | SRG Class Tr | PTA |

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | എഴുത്തുകാരുമായി സംവാദിക്കാം | | | |
| വായനാ ശേഷി വർധിപ്പിക്കൽ സാഹിത്യകാരൻ മാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി കത്തിലൂടെ സംവദിക്കുന്നു | ആവശ്യാനുസരണം. | Class Tr | |
| | രുചിയറിയാം. | | | |
| നമ്മുടെ നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള- പാചകക്കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം ക്ലാസ്സിലൊരു സദ്യ | വർഷത്തിൽ ഒന്ന് | SRG Class Tr | |

Class : IV

# പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നിരീക്ഷണം - അറിവു നിർമ്മാണം | പ്രകൃതി നടത്തം<br>പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM<br>CPTA | PTA |
| ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്രമൂല<br>ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് TR | PTA<br>SSA |
| ശാസ്ത്ര പഠനത്തിൽ താല്പര്യം ജനിപ്പിക്കൽ - അന്വേഷണാത്മ വളർത്തൽ | ശാസ്ത്രയാത്ര<br>വാന നിരീക്ഷണ കേന്ദ്രം<br>· സയൻസ് പാർക്ക് | ആവശ്യാനുസരണം | HM<br>SRG<br>CPTA | |
| കേരളം ഇന്ത്യ<br>- ഭൂപടവായന<br>- സൂചിക<br>- പരിചയപ്പെടൽ | ഭൂപടമൊരുക്കാം<br>ഭൂപട വായന<br>ഭൂപട രചന<br>സൂചികാ നിർമ്മാണം | വർഷാരംഭത്തിൽ | SRG<br>ക്ലാസ് ടീച്ചർ | PTA |

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | **ശാസ്ത്ര ചിത്ര ചുമർ** | | | |
| ശാസ്ത്ര പഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG ക്ലാസ് ടീച്ചർ | PTA |
| | **ശാസ്ത്രോത്സവം** | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രകടനം | പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം എന്നിവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM SRG ക്ലാസ് | PTA |
| | **ശാസ്ത്രമാസിക** | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികകളുടെ നിർമ്മാണം | വർഷത്തിൽ ഒന്ന് | HM SRG ക്ലാസ് ടീച്ചർ | PTA |

Scanned with OKEN Scanner

Class: IV

# ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സഹായം |
| --- | --- | --- | --- | --- |
| | കളിക്കാം.. ഗണിക്കാം | | | |
| ഗണിതപഠനം രസകരമാക്കൽ (പ്രേരിപ്പിക്കൽ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ - മൂല്യനിർണയം (ഒളിഞ്ഞിരിക്കും ചതുരം ധമാക്ക കളി, സങ്കലനം - വ്യവകലനം) | വർഷം മുഴുവൻ | SRG ക്ലാസ് ടീച്ചർ | |
| | ഒറിഗാമിയിലൂടെ പഠിക്കാം | | | |
| ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ - ഏക ചലന ശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | വർഷത്തിലെ തിങ്കൾ | ക്ലാസ് ടീച്ചർ | PTA |
| | ഗണിതലാബ് | | | |
| ഗണിത പഠന പ്രവർത്തനം സുഗമമാക്കൽ | ഗണിത ലാബ് ഒരുക്കൽ - പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനം | സമയക്രമം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | ഗണിതലാബ് | | | |
| ഗണിത ക്ലബ്ബ് പ്രവർത്തനങ്ങളും തിരിച്ചറിയാൻ | ഗണിതക്ലബ്ബ് രൂപീകരണം. ഉദ്ഘാടനം ചെയ്യുന്നത് | വർഷം മുഴുവൻ | HM SRG മാത്സ് ടീച്ചർ | PTA |
| | ഗണിതപഠനോപകരണ നിർമ്മാണം | | ശില്പശാല | |
| ഉപകരണനിർമ്മാണത്തിലൂടെ ഗണിത പഠനം എളുപ്പമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട ഉപകരണങ്ങളുടെ നിർമ്മാണം. പ്രദർശനം | ആവശ്യാനുസരണം | Class 10 | PTA |
| | ഗണിതമേള | | | |
| ഗണിത മേളകളിലെ പങ്കാളിത്തം | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരിശീലനം നൽകുന്ന പ്രവർത്തനം | വർഷാരംഭത്തിൽ | SRG മാത്സ് ടീച്ചർ | PTA |

Scanned with OKEN Scanner

Class: IV

# English

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സഹായം |
|---|---|---|---|---|
| | **ഇംഗ്ലീഷ് അസംബ്ലി** | | | |
| ഇംഗ്ലീഷ് ഭാഷ ഭയമില്ലാതെ സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ രണ്ടു ദിവസം അസംബ്ലി ചേരൽ [അസംബ്ലിയുടെ മുഴുവൻ നിയന്ത്രണം - കുട്ടികൾക്ക്] | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| | **ഇംഗ്ലീഷ് ഡയറി** | | | |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി ആയി എഴുതുന്നു. | ആഴ്ചയിൽ മൂന്നു ദിവസം | ക്ലാസ് ടീച്ചർ | |
| | **ഇംഗ്ലീഷ് തിയേറ്റർ** | | | |
| സർഗ്ഗാത്മക പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ നാടകരൂപങ്ങളാക്കി അവതരിപ്പിക്കൽ [Skit, Drama, Conversation, Story telling] | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | SMC |

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | ഇംഗ്ലീഷ് മാഗസിൻ | | | |
| സർഗാത്മക രചനാശേഷി വികസനം | മൂന്നുമാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ | മൂന്ന് മാസത്തിലൊരിക്കൽ | HM Class TR SMC | SMC |
| | ഇംഗ്ലീഷ് കത്തെഴുത്ത് | | | |
| ഇംഗ്ലീഷ് ഭാഷയിലുള്ള രചനാ മികവ് | സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുഹൃത്തുക്കളുമായി കത്തിടപാട് | മാസത്തിലൊരിക്കൽ | ക്ലാസ് TR | |
| | ഇംഗ്ലീഷ് കോർണർ | | | |
| വായനാ പരിപോഷണം | കുട്ടികളുടെ നിലവാരത്തിനനുസരിച്ച പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാമൂല ഒരുക്കൽ<br>വായനാവേള ഒരുക്കൽ<br>വായനാക്കുറിപ്പ് - പുസ്തകാപരിചയം | രണ്ടാഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | |

Scanned with OKEN Scanner

# Academic Calendar 25-26.

| Name of Programme | Time | charge | finance |
|---|---|---|---|
| SRG യോഗം | June-3 | | |
| സ്കൂൾ പച്ചക്കറിത്തോട്ടം | June-5 | Sci-club | |
| വായന കളരി നവീകരണം | June 19-26 | വിദ്യാരംഗം | |
| PTA/MPTA ജനറൽ ബോഡി | June 20 | | |
| SRG യോഗം | എല്ലാ വെള്ളിയും | | |
| ബഷീർ ചരമദിനം | July 5 | വിദ്യാരംഗം | |
| PTA/MPTA യോഗം | July 9 | | |
| ലോക ജനസംഖ്യാ ദിനം | July 11 | S.S ക്ലബ്ബ് | |
| ചാന്ദ്രദിനം | July 21 | SS ക്ലബ്ബ് | |
| സ്കൂൾ ലീഡർ തിരഞ്ഞെടുപ്പ് | July 23 | | |
| മുന്നേറ്റം പിന്നോക്കക്കാർക്ക് പ്രത്യേക മൊഡ്യൂൾ തയ്യാറാക്കി പരിശീലനം | ജൂലൈ 1 മുതൽ | | |
| ഹിരോഷിമ ദിനം | August 6 | Science ക്ലബ്ബ് | |
| നാഗസാക്കി ദിനം | August 9 | " | |

Scanned with OKEN Scanner

| | | |
|---|---|---|
| മുന്നേറ്റം ഗണിത പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പ്രവർത്തനങ്ങൾ | ആഗസ്റ്റ് മുതൽ | Maths club. |
| സ്വാതന്ത്ര്യദിനാഘോഷം | ആഗസ്റ്റ് 15 | അധ്യാപകർ കുട്ടികൾ |
| SRG യോഗം | എല്ലാ വെള്ളിയും | അധ്യാപകർ |
| കർഷകദിനം കർഷകനെ ആദരിക്കൽ | ആഗസ്റ്റ് 16 | |
| CPTA | എല്ലാ മാസവും | |
| ക്ലാസ് Test | എല്ലാ മാസവും ആദ്യവാരം. | |
| ബഗ്ഗ് ഡേ | എല്ലാ വെള്ളി യാഴ്ചയും. | |

Scanned with OKEN Scanner

| | | | |
|---|---|---|---|
| 20. | ഓണാഘോഷം<br>PTA/MPTA പ്രവർത്തകസമിതി | Sept 13-Fri | |
| 21. | നാടക ക്യാമ്പ്<br>(അഭിനയ താൽപര്യമുള്ള കുട്ടികളെ പങ്കെടുപ്പിച്ച് ഏകദിന നാടക ശിൽപശാല) | Sep-7 Sat | SS ക്ലബ്ബ് |
| 22. | അധ്യാപകദിനം. | Sep-5 Thu | SS ക്ലബ്ബ് |
| 23. | ഓസോൺ ദിനം. | Sep 16-Mon | Sci ക്ലബ്ബ് |
| 24. | സാഹിത്യ ശിൽപശാല<br>(സാഹിത്യാഭിരുചിയുള്ള കുട്ടികളെ പങ്കെടുപ്പിച്ച് ഏകദിന രചനാ ശിൽപശാല കയ്യെഴുത്ത് മാസിക പ്രകാശനം) | Sep-23 Mon. | വിദ്യാരംഗം |
| 25. | CPTA | Sep-27 Fri | |
| 26. | SRG യോഗം | Sep 30 Mon | |
| 27. | തൊഴിൽ പരിശീലനം<br>[illegible] | Oct-1 Tue | |
| 28. | ഗാന്ധിജയന്തി | Oct-2 Wed | Hi ക്ലബ്ബ് |
| 29. | PTA/MPTA പ്രവർത്തകസമിതി | Oct-7 Mon | |
| 30. | പുസ്തകവണ്ടി (സ്കൂൾ പരിസരത്ത് വായനയുടെ പ്രാധാന്യം പ്രചരിപ്പിക്കുകയും സ്കൂൾ ലൈബ്രറിയിലേക്ക് പുസ്തകം ശേഖരിക്കുകയും. | Oct-5 Sat | |
| 31. | SRG യോഗം | Oct 28 Mon | |
| 32. | PTA/MPTA പ്രവർത്തക സമിതി. | NOV-15 Sat. | |

Scanned with OKEN Scanner

| | | | |
|---|---|---|---|
| 33. | തൊഴിൽ പരിശീലനം. (ജാം, മിക്സ്ചർ, കരകൗശലവസ്തു നിർമ്മാണം) | NOV-15 Sat | |
| 34. | ശിശു ദിനം | NOV-14 thu | Lan ക്ലബ് (Mal, urdu, Ar, Sa) |
| 35. | SRG യോഗം | NOV 25-Mon | |
| 36. | സ്കൂൾ പൂന്തോട്ട നിർമ്മാണം വെർട്ടിക്കൽ ഗാർഡൻ, പോട്ട് മിക്സ്ചർ എന്നിവ തയ്യാറാക്കുന്നു. ഉചിതമായ സ്ഥലങ്ങളിൽ സ്ഥാപിക്കുന്നു. | NOV-30 Sat | |
| 37. | PTA / MPTA പ്രവർത്തക സമിതി. | Dec-2-mon. | |
| 38. | ക്ലാസ് ഗണിതലാബ് ശില്പശാല.. ഓരോ ക്ലാസിലും 15-20 വീതം പഠനോപകരണങ്ങൾ ഉണ്ടാക്കുന്നു. ക്ലാസതലത്തിൽ ഗണിത ലാബ് ക്രമീകരിക്കുന്നു. | Dec 7-Sat. | Maths Club |
| 39. | ശ്രീനിവാസ രാമാനുജൻ ദിനം. | Dec-22-23. | |
| 40. | SRG യോഗം. | | |
| 41. | PTA / MPTA പ്രവർത്തക സമിതി. | Dec-30 mon | |
| 42. | CPTA | Jan-3 Fri | |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| 43 | തൊഴിൽ പരിശീലനം കുട്ടികളെ പങ്കെടുപ്പിച്ച് Craft പരിശീലനം. | Jan 11-Sat | | |
| 44 | റിപ്പബ്ലിക് ദിനം | Jan 26-Sun. | | |
| 45 | SRG യോഗം | Jan 27-Mon | | |
| 46 | സൈക്കിൾ പരിശീലനം | Feb 1-Sat | | |
| 47 | PTA /MPTA പ്രവർത്തക സമിതി | Feb 7- Fri. | | |
| 48 | Lan Lab inaguration | Feb 10-Mon | | |
| 49. | ആരോഗ്യക്ലാസ്സ്, പോഷകാഹാര മേള രക്തദാന ക്യാമ്പ് | Feb 15-Sat | | |
| 50 | SRG യോഗം | Feb 24 -Mon | | |
| 51 | ദേശീയ ശാസ്ത്രദിനം ഔട്ട്ഡോർ സയൻസ് പാർക്ക്, ചരിത്ര മ്യൂസിയം ഉദ്ഘാടനം | Feb 25 Tue | | |
| 52. | PTA/MPTA പ്രവർത്തക സമിതി | Mar 4 Mon | | |
| 53 | പഠനോത്സവം (കുട്ടികളുടെ പഠന മികവുകളും ഉത്പന്നങ്ങളും പ്രദർശിപ്പിക്കുന്നു) | Mar 8 Sat | | |
| 54. | SRG യോഗം | Mar 18 Mon. | | |

Scanned with OKEN Scanner

## ഭാവി പ്രവർത്തനങ്ങൾ

1. പോഷണത്തിലെ ക്രമക്കേട് ഭേദഗതി

ഗോത്രത്തിൽ കാണുന്ന സമൂഹവിവാഹങ്ങളിൽ പഠന വിശേഷങ്ങളും പരിശോധനകൾ ഉൾപ്പെടെ ൽ മറ്റു വിഭാഗങ്ങളും ഉപയോഗപ്പെടുത്തൽ ആവശ്യമു ണ്ട് തീരുന്നു.

2. അടിസ്ഥാനപരമായ മത്സ്യവും മറ്റ് സമ്പത്തും നിലവാര വും.

കുട്ടികളിലെ ആരോഗ്യ പരിശോധനകളുടെ ഭാഗമായി അതിന്റെ വളർച്ചയ്ക്കുള്ള തിരുത്തലുകൾ അടിസ്ഥാനത്തിൽ മത്സ്യ നടത്തുന്നു. $A_4$ ഷീറ്റ് ൽ പ്രത്യേകിച്ച് മത്സ്യ വിഭാഗങ്ങളുടെ അടിസ്ഥാനപ്പെടുത്തിയ ചിത്രങ്ങൾ മത്സ്യ വിഭാഗങ്ങളുടെ പോഷകഗുണം എന്നിവ പ്രദർശിപ്പിക്കുന്നു. തുടർ ചർച്ചകൾ ഭാഗമായി പ്രവർത്തനങ്ങളുടെ ഉദ്ദേശവും നില നിർത്തുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി, ഓരോന്നും വിദ്യാർത്ഥി കളും കുട്ടികൾ ഭാഗമായി ഓരോന്നും തയ്യാറാക്കുന്നു. അത് വർദ്ധിക്കുന്നതിന് സഹായകമാകുന്നു. ഇത് വിദ്യാർത്ഥികൾ ഭക്ഷണത്തിലൂടെ ശരീര വളർച്ചയെ പരിപോഷിപ്പിക്കാൻ ഉതകുന്നു.

3. വരുന്ന പഠനത്തിന്

ഭാരതത്തിലെ ഓരോ വിഭാഗത്തിലെയും പഠനത്തിൽ നിന്ന് ഇതിൽ പ്രോജക്ടുകൾ കണ്ടെത്തി

കുട്ടികൾക്ക് കൊടുക്കുന്നു. പത്രം വായിച്ച് കുട്ടികൾ ഉത്തരം കണ്ടെത്തട്ടെ. അന്നേ ദിവസത്തെ ഉത്തരങ്ങൾ പിറ്റേ ദിവസം കൊടുക്കുന്നു. ഓരോ ദിവസവും ചോദ്യങ്ങൾ കണ്ടെത്തുന്നതിന് അധ്യാപകർക്ക് ചുമതല കൊടുക്കുന്നു. ഒരുമാസത്തെ ചോദ്യങ്ങൾ ഉൾപ്പെടുത്തി ആ അടുത്ത മാസം ആദ്യം ക്വിസ് മത്സരം നടത്തുന്നു. ഒരുവർഷത്തെ ചോദ്യങ്ങൾ ഉൾപ്പെടുത്തി മെഗാ ക്വിസ്സും നടത്തുന്നു.

4 സർഗ്ഗവേള.

കുട്ടികളുടെ സർഗ്ഗാത്മക കഴിവുകളെ പരിപോഷിപ്പിക്കാൻ എല്ലാ വെള്ളിയാഴ്ചയും കുട്ടികളുടെ പരിപാടികൾ.

5. അടുക്കള പച്ചക്കറി തോട്ടം.

കുട്ടികളിൽ കാർഷികാഭിരുചി വളർത്തുന്നതിന്റെ ഭാഗമായി ജൂൺ 5ന് അടുക്കള പച്ചക്കറി തോട്ടത്തിന്റെ ഉദ്ഘാടനവും വൃക്ഷത്തൈ നടലും. പച്ചക്കറി തോട്ടത്തിന്റെ പരിപാലനം ഓരോ ദിവസവും ഓരോ ക്ലാസ്സുകാർക്ക് കൊടുക്കുന്നു.

6. ദിനാചരണങ്ങൾ.

ഓരോ മാസവും വാർഷികപ്ലാൻ നോക്കി ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് മുൻകൂട്ടി

Scanned with OKEN Scanner

പരിപാടികൾ അവതരിപ്പിക്കാറുണ്ട്. ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് പ്രത്യേക ലോക ചരിത്ര കുറിപ്പുകൾ, പ്രസംഗങ്ങൾ, ക്വിസ് മത്സരം തുടങ്ങി വിവിധ പരിപാടികൾ

7. ഇംഗ്ലീഷ് സംസാരിക്കാം.

കുട്ടികൾക്ക് ഇംഗ്ലീഷ് ഭാഷ സംസാരിക്കാൻ പ്രാവീണ്യം നേടുന്നതിനായി അസംബ്ലിയിൽ പറയാൻ English conversation series കേൾക്കാൻ അവസരം ഒരുക്കുന്നു.

8. കവികളെ പരിചയപ്പെടാം.

മാസത്തിൽ ഒരിക്കൽ ഒരു കവിയെയും അദ്ദേഹത്തിന്റെ കവിതകളെയും പരിചയപ്പെടുത്താൻ അവസരം ഒരുക്കുന്നു.

9 സ്കൂൾ തലം മുതൽ കുട്ടികൾക്ക് മലയാളി ക പ്രയോഗിച്ചില്ല, ഗണിത ശാസ്ത്ര സംബന്ധ ശാസ്ത്ര മേളകളിൽ പങ്കെടുക്കാനുള്ള പരിശീലനം നൽകുന്നു.

Scanned with OKEN Scanner

10. പുസ്തക പരിചയ കുറിപ്പ്

മാസത്തിൽ കുറഞ്ഞത് 3 പുസ്തകമെങ്കിലും (3,4 ക്ലാസ്സുകളിൽ) വായിക്കാൻ അവസരം നൽകുന്നു. തങ്ങൾ വായിച്ച പുസ്തകം മറ്റുള്ളവരെ പരിചയപ്പെടുത്തുന്ന രീതിയിൽ പുസ്തക പരിചയക്കുറിപ്പ് കുട്ടികൾ എഴുതുന്നു. അസംബ്ലിയിൽ അവതരിപ്പിക്കുന്നു.

11. പത്രവായനയ്ക്കായി മാറ്റിവെക്കാം അര മണിക്കൂർ

ദിവസവും വൈകിട്ട് അര മണിക്കൂർ പത്രവായന ക്ലാസ്സിൽ നടത്തുന്നു. ആവശ്യമായ സഹായങ്ങൾ അധ്യാപിക ക്ലാസ് തലത്തിൽ നൽകുന്നു. പത്ര ക്വിസിന് വേണ്ടിയുള്ള ചോദ്യങ്ങൾ കുട്ടികൾ കണ്ടെത്തുന്നു.

12. കുഞ്ഞുവായന കുഞ്ഞെഴുത്ത്

വായിക്കാനും എഴുതാനും പ്രയാസം അനുഭവപ്പെടുന്ന കുട്ടികൾക്കായി വായനാകാർഡ് നൽകുന്നു. ഓരോ വരികളും കുട്ടികൾ വായിക്കുന്നു. വായിച്ച കാര്യങ്ങൾ കുട്ടികൾക്ക് എഴുതാൻ അവസരം നൽകുന്നു. തെറ്റുകൾ സ്വയം കണ്ടെത്തി തിരുത്തുന്നു.

Scanned with OKEN Scanner

# ഉപസംഹാരം

കിഴക്കേ കല്ലട പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന കൊടുവിള ഗവ.എം.ജി.എൽ.പി.സ്കൂളിൽ .നിലവിലുള്ള കെട്ടിടം പൊളിച്ച് MLA ഫണ്ട് ഉപയോഗിച്ച് 1 കോടി രൂപയുടെ കെട്ടിടം പണിയുന്നതിനാൽ നിലവിൽ ക്ലാസ്സുകൾ നടക്കുന്നത് fitness ഉള്ള പ്രീപ്രൈമറി കെട്ടിടത്തിൽ ഓഫീസും രണ്ടാം ക്ലാസ്സും മൂന്നാം ക്ലാസ്സും പ്രവർത്തിക്കുന്നു. താൽക്കാലിക സൗകര്യം ഒരുക്കിയിരിക്കുന്നത് തൊട്ടടുത്തുള്ള വീട്ടിലാണ് അവിടെ ഒന്നാം ക്ലാസ്, നാലാം ക്ലാസ് പ്രീപ്രൈമറി എന്നിവ പ്രവർത്തിക്കുന്നു - ഒന്നു മുതൽ നാലുവരെ ക്ലാസ്സുകളിൽ 20 കുട്ടികളും പ്രീപ്രൈമറിയിൽ 14 കുട്ടികളും ആണ് പഠിക്കുന്നത്.

## അധ്യാപകരുടെ വിവരങ്ങൾ

| | |
|---|---|
| Beena. B.S | ; HM |
| Arun C | : LPST |
| Ahalya | : " |
| Sunitha | : " |
| Ponnamma Amma | ; PTCM |
| Rethi | : Pre Primary TR |
| Susamma | : Pre Primary helper |
| Sreelatha | - ; COOK. |

Scanned with OKEN Scanner